(ബി) കണ്ണൂർ കാസർഗോഡ് ജില്ലകളിലെ ഏതു ഗ്രാമങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്താത്തതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകയിൽനിന്നും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ എല്ലാ വില്ലേജുകളിലും (ഗ്രാമങ്ങളിലും) വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ലൈൻ നിർമ്മിക്കാൻ വനം വകുപ്പിന്റെ അനുമതി വേണ്ടതും വൈദ്യുതിലൈൻ എത്തിക്കാൻ സാധിക്കാത്തതുമായ ചില കോളനികൾ കേരളത്തിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ബോർഡ് അത് പരിശോധിച്ചുവരികയാണ്.

(സി) കാസർഗോഡ് ജില്ലയിലേയ്ക്ക് കർണ്ണാടകയിൽനിന്നും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് കർണ്ണാടകയിലുള്ള തവടുഗോളിയിൽനിന്നും നിലവിലുള്ള 110 കെ.വി. തവടുഗോളി-മൈലാട്ടി ലൈൻ ഇരട്ടിപ്പിക്കുകയും നവീകരിക്കുകയും ചെയ്യേണ്ട ജോലിയുടെ ടെണ്ടർ നടപടികൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ നടന്നുവരികയാണ്. ഇതോടനുബന്ധിച്ച് കാസർഗോഡ് 110 കെ.വി സബ്സ്റ്റേഷന്റെ ബേ നിർമ്മാണം പുരോഗതിയിലാണ്.

ഊർജ്ജോത്പാദന മേഖലയിൽ നേട്ടങ്ങൾ

33 (5837) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജോൽപ്പാദന മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ചെറുകിട ജലസേചന പദ്ധതികൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) ഇത് നേടുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൂർത്തീകരിച്ച പദ്ധതികൾ (ചെറുകിട ജലവൈദ്യുത പദ്ധതികൾ) അനുബന്ധം I ആയി ചേർക്കുന്നു.*

നിർമ്മാണം പുരോഗമിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.*

സംസ്ഥാനത്തിന്റെ സോളാർ വൈദ്യുതി സ്ഥാപിതശേഷി 10 മെഗാവാട്ട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്ന സുപ്രധാനമായ സോളാർ പദ്ധതിയാണ് 10000 റൂഫ് ടോപ്പ് പദ്ധതി. പ്രസ്തുത പദ്ധതി വഴി 7.1 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിച്ചുകഴിഞ്ഞു. ബാക്കി പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുകയാണ്.

ഇതിനുപുറമെ പൊതു കെട്ടിടങ്ങളിൽ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 139.0 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 821.5 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന് സ്വന്തമായി 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലുമാണ്.

ഇതിനുപുറമെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പാക്കിവരുന്ന സോളാർ പദ്ധതികളുടെ നിർമ്മാണം ഘട്ടംഘട്ടമായി പുരോഗമിക്കുന്നു.

പദ്ധതികളുടെ പട്ടിക അനുബന്ധം III ആയി ചേർക്കുന്നു.*

NHPC-യും കെ.എസ്.ഇ.ബി.-യും പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിലെ വെള്ളം നിറഞ്ഞ നിലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി (50 മെഗാവാട്ട്)	സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിച്ചു. ഡി.പി.ആർ തയ്യാറാക്കി, വയബിലിറ്റി ഫണ്ടിനുവേണ്ടി MNRE-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്.
ഉപഭോക്താക്കളുടെ സോളാർ പ്ലാന്റുകളിൽ നിന്ന് ഗ്രിഡ് ബന്ധിതമാക്കിയ ശേഷി	0.304 മെഗാവാട്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാറ്റിൽ നിന്നുള്ള പദ്ധതികൾ

മറ്റ് ഏജൻസികൾവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി	
1. INOX Renewable Energy Limited കഞ്ചിക്കോട് KINFRA-യുടെ സ്ഥലത്ത് സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി	അനെർട്ടിൽനിന്നും സാങ്കേതിക അംഗീകാരം കിട്ടിയിട്ടുണ്ട്.
2. NHPC പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി	DPR പരിശോധിച്ച് തിരുത്തൽ വരുത്തുന്നതിന് NHPC-ക്ക് മടക്കി നൽകിയിട്ടുണ്ട്. പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനു വേണ്ട നടപടികൾ തുടങ്ങിക്കഴിഞ്ഞു.

ഈ സർക്കാരിന്റെ കാലത്ത് പരിഗണനയിലുള്ള താപവൈദ്യുതി പദ്ധതികൾ ചുവടെ ചേർക്കുന്നു :

ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം പ്രകൃതി വാതക ഇന്ധനമായുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി, കായംകുളം നിലയം നാഫ്തയിൽ നിന്നും എൽ.എൻ.ജി.-യിലേക്ക് മാറ്റുന്ന പദ്ധതി, ബ്രഹ്മപുരത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 1026 മെഗാവാട്ട് വാതകാധിഷ്ഠിതപദ്ധതി, ഒന്നാം ഘട്ടമായി 400 മെഗാവാട്ട് പദ്ധതി, കായംകുളം നിലയത്തിന്റെ വിപുലീകരണ പദ്ധതി, ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ചുള്ള പദ്ധതി, പെട്രോനെറ്റും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ ഒറീസയിലെ വൈതരണിയിൽനിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തിയുള്ള പദ്ധതി, കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള പദ്ധതി, വൈതരണിയിൽനിന്നും കൽക്കരി ലഭ്യമാകുന്ന മുറയ്ക്ക് കൽക്കരി ഉപയോഗിച്ചുള്ള പദ്ധതി.

(ബി) വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള തടസ്സങ്ങളും കാലതാമസവും പരിഗണിച്ച് 25 മെഗാവാട്ടിൽ താഴെവരുന്ന ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കാൻ സർക്കാർ മുൻഗണന നൽകുന്നു.

ചെറുകിട ജലസേചന പദ്ധതികൾവഴി (കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം പദ്ധതികളും സ്വകാര്യ സംരംഭകരുടെ പദ്ധതികളും ചേർത്ത്) 39.41 മെഗാവാട്ട് അധികശേഷി സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിശദവിവരം അനുബന്ധം I-ൽ കാണാവുന്നതാണ്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട ജലസേചന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും സ്വയംസംരംഭകരിലൂടെയും നടപ്പിലാക്കാൻ പുറപ്പെടുവിച്ച വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ Kerala Small Hydro Power Policy 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നിരവധി പദ്ധതികൾ ടെണ്ടർ ചെയ്ത് ഉൽപ്പാദകരെ കണ്ടെത്തിയിട്ടുണ്ട്.

റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും

34 (5838) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പ്രവൃത്തികളിൽ ഇനി ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

പാത ഇരട്ടിപ്പിക്കൽ പണികളുടെ നിലവിലെ അവസ്ഥ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതീകരണ പ്രവൃത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ-കോഴിക്കോട് വരെയുള്ള സെക്ഷൻ ഉടൻ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളത് മാർച്ച് 2016-ഓടുകൂടി കമ്മീഷൻ ചെയ്യുകയും ചെയ്യുമെന്ന് റെയിൽവെ അറിയിച്ചിട്ടുണ്ട്. കണ്ണൂർ-മംഗലാപുരം വൈദ്യുതീകരണ പ്രവൃത്തി 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

ചാലക്കുടി റയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്

35 (5839) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദർശ് സ്റ്റേഷനായി ഉയർത്തിയിട്ടുള്ള ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) കൊരട്ടി റെയിൽവേ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2015-16-ലെ റെയിൽവേ ബഡ്ജറ്റിനുമുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർക്കാർ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly